LIBRARY ARCHIVES Kerala Legislative Assembly

എല്ലാ വീടുകളിലും ശുദ്ധജലം പദ്ധതി

169(674) ശ്രീ. എൻ. ഷംസുദ്ദീൻ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ വീടുകളിലും ശുദ്ധജലമെത്തിക്കാൻ സാധിച്ചിട്ടുണ്ടോ;

&

(ബി) ഇല്ലെങ്കിൽ ഇതിനാവശ്യമായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

സംസ്ഥാനത്തെ എല്ലാ വീടുകൾക്കും ഗാർഹിക കുടിവെള്ള കണക്ഷനുകൾ വഴി കുടിവെള്ളം എത്തിക്കാൻ സാധിച്ചിട്ടില്ല. സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ എല്ലാ വീടുകളിലും ഗാർഹിക കുടിവെള്ള കണക്ഷനിലൂടെ കുടിവെള്ളം ലഭ്യമാക്കുന്നത് ലക്ഷ്യമിട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി ജല ജീവൻ മിഷൻ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം 2024-ഓടുകൂടി സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകളിലും ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കി കുടിവെള്ളം ഉറപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. അമൃത്, കിഫ്ബി, കെ.എസ്.യു.ഡി.പി, സംസ്ഥാന പദ്ധതികൾ എന്നിവ വഴി നഗര പ്രദേശങ്ങളിലെ കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിന് ആവശ്യമായ പദ്ധതികൾ കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കി വരുന്നുണ്ട്. ഇപ്രകാരം നഗര പ്രദേശങ്ങളിലും പരമാവധി കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

നിലയ്ക്കൽ ജലസേചന പദ്ധതി

170(675) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിലെ നിലയ്ക്കൽ ജലസേചന പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നറിയിക്കുമോ?

നിലയ്ക്കൽ ജലസേചന പദ്ധതി എന്ന പേരിൽ പദ്ധതികളൊന്നും നിലവിൽ പരിഗണനയിലില്ല. എന്നാൽ ശബരിമല തീർത്ഥാടകർക്ക് പ്രയോജനം ചെയ്യുന്ന

LIBRARY ARCHIVES Kerala Legislative Assembly

നിലയ്ക്കൽ കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളായ ഇൻടേക് കിണർ, പമ്പ് ഹൗസ് , 13 MLD ജല ശുദ്ധീകരണശാല എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. രണ്ടാം ഘട്ടത്തിലൾപ്പെടുത്തിയ പ്രവൃത്തികൾ 4 പാക്കേജുകളായാണ് നടപ്പാക്കുന്നത് . പാക്കേജ് 1-ൽ ഉൾപ്പെട്ട പ്രവൃത്തികൾ പുരോഗമിച്ചുവരവേ തൊഴിൽ തർക്കംമൂലം ഇപ്പോൾ പണികൾ കരാറുകാരൻ നിർത്തി വച്ചിരിക്കുകയാണ്. പാക്കേജ് 1-ലെ പ്രവൃത്തികൾ 2021 സെപ്റ്റംബർ-മാസത്തിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

സീതത്തോട് നിലയ്ക്കൽ കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിലെ പ്രവൃത്തികൾ പൂർത്തിയായി. 2-ാം ഘട്ടത്തിലെ ഘടകങ്ങൾ 4 പാക്കേജുകളായാണ് ക്രമീകരിച്ചിട്ടുള്ളത്. ഇതിൽ പാക്കേജ് 1-ലെ പ്രവൃത്തികളിൽ 20 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള മൂന്നു ഉപരിതല ജലസംഭരണികളിൽ 2 എണ്ണത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു. 22870 മീറ്റർ വിവിധ ഇനം പൈപ്പുകളിൽ (508 mm MS-22170 m) 500 എം.എം. ഡി.ഐ.-500m, 200mm- 200 മീ) എന്നിവയിൽ 8764 മീറ്റർ പൈപ്പ് സപ്ലൈ ചെയ്തു. ആങ്ങമൂഴി-പ്ലാപ്പള്ളി റോഡിൽ 5670 മീറ്റർ സ്ഥാപിച്ചു. പ്രാദേശിക തൊഴിൽ തർക്കത്തെത്തുടർന്ന് ഇപ്പോൾ നിർമ്മാണ പ്രവൃത്തികൾ കരാറുകാരൻ നിർത്തിവച്ചിരിക്കുകയാണ്. വനപ്രദേശത്ത് നിർമ്മിക്കേണ്ട മൂന്ന് ബൂസ്റ്റിംഗ് സ്റ്റേഷനുകൾക്ക് വേണ്ട സ്ഥലത്തുള്ള മരങ്ങൾ ലേലം നടത്തുന്നതിനുള്ള നടപടി ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ഓഫീസിൽ പുരോഗമിക്കുന്നു. പമ്പ് സെറ്റുകളുടെ മോട്ടോറുകൾ പരിശോധന പൂർത്തിയായി സൈറ്റിൽ എത്തിച്ചിട്ടുണ്ട്. വനത്തിനുള്ളിലെ മൂന്ന് ബൂസ്റ്റിംഗ് സ്റ്റേഷനുകൾ, ജലശുദ്ധീകരണ ശാലയ്ക്കുവേണ്ടിയുള്ള സബ്സ്റ്റേഷൻ എന്നിവയുടെ ഡിസൈൻ കരാറുകാരൻ സമർപ്പിച്ചു. ആയതിന്റെ സൂക്ഷ്മ പരിശോധന നടന്നുകൊണ്ടിരിക്കുന്നു. പാക്കേജ് 2-ൽ ഉൾപ്പെട്ട ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കൽ, 3 ലക്ഷം ലിറ്റർ ശേഷിയുള്ള 2 ഭൂതല സംഭരണികളുടെ നിർമ്മാണം, 3 ലക്ഷം ലിറ്റർ, 0.6 ലക്ഷം ലിറ്റർ ശേഷിയുള്ള 2 സമ്പ്-കം-പമ്പ് ഹൗസ് നിർമ്മാണം, 4 ക്ലിയർ വാട്ടർ പമ്പ് സെറ്റ് സ്ഥാപിക്കൽ, വിവിധ ജലസംഭരണികളിൽനിന്നും സീതത്തോട് പഞ്ചായത്തിലേയ്ക്ക് വിതരണശൃംഖല സ്ഥാപിക്കൽ എന്നീ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സൂക്ഷ്മപരിശോധന നടന്നുവരുന്നു. ജലസംഭരണികൾ പണിയുന്നതിനാവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിന് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് നടപടി പുരോഗമിക്കുന്നു. പാക്കേജ് 3-ൽ ഉൾപ്പെട്ട 0.6 ലക്ഷം, 0.3 ലക്ഷം ലിറ്റർ ശേഷിയുള്ള 2 ടാങ്കുകളുടെ നിർമ്മാണം, 2.5 ലക്ഷം ലിറ്റർ ശേഷിയുള്ള 2 ഭൂതല സംഭരണികൾ, ക്ലിയർ വാട്ടർ പമ്പിങ് മെയിൻ, ക്ലിയർ വാട്ടർ

ഗ്രാവിറ്റി മെയിൻ, വിതരണശൃംഖല സ്ഥാപിക്കൽ എന്നീ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സൂക്ഷ്മ പരിശോധന നടന്നുവരുന്നു. റോഡ് റിസ്റ്റോറേഷൻ ചാർജ്ജ്, പവർ ലൈൻ എക്സ്റ്റെൻഷൻ, വനംവകുപ്പിനുള്ള നഷ്ടപരിഹാരം, സർവ്വേ ഇൻവെസ്റ്റിഗേഷൻ എന്നിവയാണ് പാക്കേജ് 4-ൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഇരുമ്പിളിയം-എടയൂർ-വളാഞ്ചേരി കുടിവെള്ള പദ്ധതി

171(676) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ കുടിവെള്ള പ്രശ്ന പരിഹാരത്തിനായി കിഫ്ബി അംഗീകരിച്ച ഇരുമ്പിളിയം-എടയൂർ- വളാഞ്ചേരി പദ്ധതിയുടെ നിലവിലെ അവസ്ഥയെക്കുറിച്ച് വിവരം ലഭ്യമാക്കുമോ?

കോട്ടക്കൽ നിയോജകമണ്ഡലത്തിലെ കുടിവെള്ള പ്രശ്ന പരിഹാരത്തിനായി കിഫ്ബി അംഗീകരിച്ച ഇരിമ്പിളിയം-എടയൂർ-വളാഞ്ചേരി കുടിവെള്ള പദ്ധതി 3 പാക്കേജുകളായിട്ടാണ് നടപ്പിലാക്കുന്നത് പാക്കേജ് 1 - നിലവിലുള്ള കിണറിന്റെ നവീകരണം, ജല ശുദ്ധീകരണ ശാല, പമ്പിംഗ് മൈനുകൾ, ടാങ്കുകൾ എന്നിവയുടെ നിർമ്മാണ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു- 40% പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. പാക്കേജ് 2- വിതരണ ശൃംഖല- പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ പൈപ്പുകളുടെ ടെസ്റ്റ് ഭാഗികമായി പൂർത്തിയായി. പാക്കേജ് 3- ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ - പ്രസ്തുത പ്രവൃത്തിക്ക് 5-5-2021 ന് പ്രവർത്തനാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

ഇരിട്ടി, പേരാവൂർ, മുഴക്കുന്ന് കുടിവെള്ള പദ്ധതി

172(677) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാവൂർ നിയോജകമണ്ഡലത്തിലെ ഇരിട്ടി നഗരസഭ, പേരാവൂർ, മുഴക്കുന്ന് പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ കിഫ്ബിയിൽപ്പെടുത്തിയുള്ള കുടിവെള്ള പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly